**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5376** **12-08-2021 - ൽ മറുപടിയ്ക്ക്**

**പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (എ) | കെ.എസ്.ഇ.ബി.എൽ, കേന്ദ്രഗവൺമെന്റിന്റെ ഐ.പി.ഡി.എസ്. ഫണ്ട് ഉപയോഗിച്ച് കൊല്ലങ്കോട്, ഇടയാർ, കൊട്ടിയം എന്നിവിടങ്ങിൽ ഗ്രൗണ്ട് മൗണ്ടഡ് പദ്ധതികളും ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ കെട്ടിടങ്ങളുടെ മുകളിൽ റൂഫ് ടോപ്പ് പദ്ധതികളും സ്ഥാപിച്ചിട്ടുണ്ട്. PM-KUSUM പദ്ധതിയുടെ കീഴിൽ സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകളിൽ നിന്നും വൈദ്യുതി വാങ്ങുന്നതിന് ഒരു യൂണിറ്റിന് 40 പൈസ അല്ലെങ്കിൽ ഒരു മെഗാവാട്ടിന് 6 ലക്ഷം രൂപ ഇതിലേതാണോ കുറവ് അത് 5 വർഷത്തേക്ക് ഇൻസെന്റീവായി കെ.എസ്.ഇ.ബി.ക്ക് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുന്നതാണ്. ഇത് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ ഈ പദ്ധതിയുടെ ഭാഗമായ ഫീഡർതലത്തിലുള്ള സൗരോർജ്ജ വത്ക്കരണത്തിന് 30 ശതമാനം കേന്ദ്ര ധനസഹായം നേടിക്കൊണ്ട് നടപ്പിലാക്കാൻ സാധിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് അനെർട്ട് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. സംസ്ഥാനത്ത് 15,299 വീടുകളിലും, സ്ഥാപനങ്ങളിലും കേന്ദ്ര നവനവീന ഊർജ്ജ മന്ത്രാലയത്തിന്റെ (എം.എൻ.ആർ.ഇ.) സബ്സിഡിയോടുകൂടി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി. 2. സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ ബാറ്ററി സംഭരണത്തോടു കൂടിയ സൗരോർജ്ജനിലയം സ്ഥാപിക്കുന്ന കേന്ദ്ര നവനവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ) സബ്സിഡി നൽകുന്ന പദ്ധതി. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി കേന്ദ്രം നൽകുന്നത്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് 60 സർക്കാർ സ്ഥാപനങ്ങളിൽ ഈ പദ്ധതി പ്രകാരം സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി. 3. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ച് വരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സബ്സിഡിയായ 30 ശതമാനത്തോടൊപ്പം സംസ്ഥാന സർക്കാരും 30 ശതമാനം സബ്സിഡി ഈ പദ്ധതിയ്ക്കായി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ